പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1316 — 30/01/2018-ൽ മറുപടിക്ക്

## അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലെ നിയമനത്തിൽ പാലിക്കേണ്ട സംവരണം

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. ഡി.കെ. മുരളി: | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) എയ്ഡഡ് വിദ്യാഭ്യാസ മേഖലയിലെ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലെ നിയമനത്തിൽ പാലിക്കേണ്ട സംവരണത്തെക്കുറിച്ചുള്ള നിലപാട് എന്താണെന്ന് വിശദമാക്കാമോ; | (എ) സംസ്ഥാനത്തെ എയ്ഡഡ് സ്ഥാപനങ്ങളിലെ നിയമനങ്ങൾക്ക് സംവരണം ഏർപ്പെടുത്തുന്ന കാര്യത്തിൽ തീരുമാനമൊന്നും എടുത്തിട്ടില്ല. |
| (ബി) നിലവിൽ പ്രസ്തുത മേഖലയിൽ സംവരണം പാലിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) സംവരണം പാലിക്കുന്നില്ല. |
| (സി) സംവരണം പാലിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ? | (സി) എയ്ഡഡ് സ്കൂൾ നിയമനങ്ങൾക്ക് സംവരണം ഏർപ്പെടുത്താൻ തീരുമാനമെടുത്തിട്ടില്ല. എന്നാൽ ന്യൂനപക്ഷവിഭാഗത്തിൽപ്പെടാത്ത എയ്ഡഡ് കോളേജുകളിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനങ്ങളിൽ ഉചിതമായ സംവരണം ഏർപ്പെടുത്തുന്നത് ഉറപ്പാക്കത്തക്കവിധത്തിൽ സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിലെയും സ്റ്റാറ്റ്യൂട്ടുകളിൽ ഭേദഗതി വരുത്തുകയോ, സ്റ്റാറ്റ്യൂട്ട് ഉണ്ടാക്കുകയോ ചെയ്യണമെന്ന് ബഹു. കേരള ഹൈക്കോടതി 25/5/15 ലെ വിധി പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത വിധിക്കെതിരെ ഏതാനും മാനേജമെന്റുകൾ അപ്പീൽ ഫയൽ ചെയ്യുകയും മേൽവിധി അസ്ഥിരപ്പെടുത്തിയിട്ടുമുണ്ട്. ഇതിനെതിരെ അപ്പീൽ ഫയൽ ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ